## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1276 — 12-06-2014 ലെ മറുപടിക്ക്

### ദേശീയപാത വികസനത്തിന് ഭൂമി ഏറ്റെടുക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ<br>,, ഐ.സി. ബാലകൃഷ്ണൻ<br>,, പി. എ. മാധവൻ<br>,, പി. സി. വിഷ്ണുനാഥ് | ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) ദേശീയപാത വികസനത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) കേരളത്തിലെ ദേശീയപാത 17ഉം 47 ഉം ബി.ഒ.റ്റി വ്യവസ്ഥയിൽ സർവ്വീസ് റോഡോടുകൂടി നാല്/ആറ് വരി പാതയായി വികസിപ്പിക്കുവാൻ ദേശീയപാത അതോറിറ്റിയെ ഏൽപ്പിക്കുകയുണ്ടായി. ഇതിൽ തൃശൂർ - അങ്കമാലി - ഇടപ്പള്ളി ഭാഗത്തെ പണി പൂർത്തീകരിച്ചു. വാളയാർ മുതൽ തൃശൂർ വരെയുള്ള ഭാഗത്തെ പണി പുരോഗമിച്ചുവരുന്നു.<br><br>എന്നാൽ ശേഷിച്ച ഭാഗത്തെ ഭൂമി ഏറ്റെടുക്കുന്നതിൽ കാര്യമായ പുരോഗതി ഉണ്ടാകാത്തതിനാൽ ദേശീയപാത 17ന്റെ കുറ്റിപ്പുറം മുതൽ ഇടപ്പള്ളി വരെയുള്ള ഭാഗവും എൻ.എച്ച് 47 ന്റെ ചേർത്തല മുതൽ കഴക്കൂട്ടം വരെയുള്ള ഭാഗവും പ്രസ്തുത പദ്ധതിയിൽ നിന്നും ഒഴിവാക്കി കേന്ദ്രസർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ 30 മീറ്റർ വീതിയിൽ സ്ഥലം ലഭ്യമായ ഇടങ്ങളിൽ, കേന്ദ്രസർക്കാരിന്റെ സഹായത്തോടെ റോഡിന്റെ വികസനം ഏറ്റെടുത്ത് നടത്തുവാനുള്ള സാധ്യതകൾ പൊതുമരാമത്ത് വകുപ്പ് പരിശോധിച്ചുവരുന്നു. |

കൂടാതെ പേവ്ഡ് ഷോൾഡറോടുകൂടിയ രണ്ടുവരി പാതയായി ബി.ഒ.ടി വ്യവസ്ഥയിൽ വികസിപ്പിക്കാൻ ഉദ്ദേശിച്ചിരുന്ന മറ്റു 5 ദേശീയപാതകളായ NH 49, NH 208, NH 212, NH 213 & NH 220 എന്നിവയും സംസ്ഥാന സർക്കാരിന്റെ ആവശ്യപ്രകാരം ദേശീയപാത അതോറിറ്റിയുടെ വികസനപദ്ധതിയിൽ നിന്നും വേർപെടുത്തിയിരുന്നു. ഈ ദേശീയപാതകളും കേന്ദ്രസർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ വികസിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ദേശീയപാതയുടെ വീതി എത്രയായിരിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ദേശീയപാത അതോറിറ്റി സർവ്വീസ് റോഡോടുകൂടിയ നാലുവരി പാതയായി റോഡു വികസിപ്പിക്കുന്നതിന് 60 മീറ്റർ വീതി ആവശ്യമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ സ്ഥല ലഭ്യത സംബന്ധിച്ച് കേരളത്തിന്റെ പ്രത്യേക സാഹചര്യം പരിഗണിച്ച് ഇത് 45 മീറ്റർ ആയി നിജപ്പെടുത്തുവാൻ കേന്ദ്രസർക്കാർ സമ്മതിച്ചിട്ടുണ്ട്.

(സി) ദേശീയപാത വികസനത്തിനായി ഏറ്റെടുക്കുന്ന ഭൂമിക്ക് നഷ്ടപരിഹാരം നൽകുന്നതിനായി പ്രത്യേക പാക്കേജ് തയ്യാറാക്കുമോ;

(ഡി) ഏറ്റെടുക്കുന്ന ഭൂമിക്ക് അതത് പ്രദേശത്തുള്ള ഭൂമിയുടെ വിലയ്ക്ക് ആനുപാതികമായി നഷ്ടപരിഹാരം നൽകുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി), (ഡി) നിലവിലെ നിയമപ്രകാരം ദേശീയപാതകൾക്ക് സ്ഥലമെടുക്കുമ്പോൾ 1956-ലെ നാഷണൽ ഹൈവേ ആക്ട് പ്രകാരം സി.എ.എൽ.എ. (CALA) നിശ്ചയിക്കുന്ന തുകയാണ് കേന്ദ്ര സർക്കാർ നഷ്ടപരിഹാരമായി നൽകുന്നത്.

വികസനപ്രവർത്തനങ്ങൾക്കായി ഭൂമി വിട്ടുനൽകുന്നവർക്ക് ആകർഷകമായ നഷ്ടപരിഹാരവും പുനരധിവാസവും നൽകുന്നതിനായി സംസ്ഥാന സർക്കാർ അംഗീകരിച്ച R & R പാക്കേജ് അനുസരിച്ച് നഷ്ടപരിഹാരം നൽകണമെന്നതാണ് സംസ്ഥാന സർക്കാരിന്റെ നയം. R & R പാക്കേജിന്റെ വിശദാംശങ്ങൾ സംബന്ധിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം അനുബന്ധമായി വെക്കുന്നു.

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**